**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2141** **11-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വാക്സിൻ സ്വീകരിച്ച ശേഷമുള്ള മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് വാക്സിൻ എടുത്തതിനു ശേഷവും രോഗം ബാധിച്ച് ഇത് വരെ എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 4/10/2021 വരെ ലഭ്യമായ വിവരം അനുസരിച്ച് സംസ്ഥാനത്ത് ഒരു ഡോസ് വാക്സിൻ എടുത്തതിന് ശേഷം മരണപ്പെട്ടവർ 2344 പേരാണ്. രണ്ടാം ഡോസ് വാക്സിൻ എടുത്തതിന് ശേഷം സംസ്ഥാനത്ത് മരണപ്പെട്ടവർ 755 പേരാണ്. ഗുരുതരമായ മറ്റ് അസുഖങ്ങൾ (comorbidies) ഉണ്ടായിരുന്നവരോ 80 വയസ്സിനു മുകളിൽ പ്രായമുള്ളവരോ ആണ് ഇതിൽ ബഹു ഭൂരിപക്ഷവും. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇപ്രകാരം മരണപ്പെടുന്നതിനെ കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് പ്രായ ലിംഗ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് അവലോകനം നടത്തി വരുന്നുണ്ട്. കൂടാതെ ഇത്തരത്തിൽ അനുബന്ധ രോഗമുള്ളവരുടെ വിശദാംശവും അവലോകനം ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| നം. | ജില്ല | ആദ്യ വാക്സിനു ശേഷം മരണപ്പെട്ടവരുടെ എണ്ണം | 2-ാം വാക്സിനുശേഷം മരണപ്പെട്ടവരുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 269 | 95 |
| 2 | കൊല്ലം | 211 | 65 |
| 3 | പത്തനംതിട്ട | 134 | 77 |
| 4 | ആലപ്പുഴ | 41 | 33 |
| 5 | കോട്ടയം | 141 | 30 |
| 6 | ഇടുക്കി | 41 | 17 |
| 7 | എറണാകുളം | 318 | 56 |
| 8 | തൃശ്ശൂർ | 274 | 72 |
| 9 | പാലക്കാട് | 218 | 66 |
| 10 | മലപ്പുറം | 134 | 33 |
| 11 | കോഴിക്കോട് | 221 | 59 |
| 12 | വയനാട് | 69 | 38 |
| 13 | കണ്ണൂർ | 205 | 75 |
| 14 | കാസർഗോഡ് | 68 | 39 |
| | **ആകെ** | **2344** | **755** |